# കൊട്ടിയൂർ ദേവസ്വം

## അറിയിപ്പ്

ശ്രീ കൊട്ടിയൂർ മഹാക്ഷേത്രത്തിലെ 2022-23 ആണ്ടിലെ വൈശാഖ മഹോത്സവകാലത്തേക്ക് ആവശ്യമായ ഉണക്കലരി, പച്ചരി സപ്ലൈ, പലവ്യഞ്ജനങ്ങൾ സപ്ലൈ, എള്ളെണ്ണ സപ്ലൈ, ശുദ്ധമായ പശുവിൻ നെയ്യ് സപ്ലൈ, ലൈറ്റ് ആന്റ് സൗണ്ട് സപ്ലൈ, എഴുന്നള്ളത്തിനുള്ള ആനകളുടെ സപ്ലൈ, കർപ്പൂരം ഭസ്മം സപ്ലൈ, കാശ്മീർ കുങ്കുമം സപ്ലൈ, പ്രിന്റഡ് ബട്ടർ പേപ്പർ സപ്ലൈ, വയറിംഗ് പ്ലംബിംഗ് സാധനങ്ങൾ സപ്ലൈ താൽക്കാലിക ബണ്ടുകളുടെ നിർമ്മാണം, സി. സി. ടി. വി. താൽക്കാലികമായി സ്ഥാപിക്കൽ, നെയ്പ്പായസ നിർമ്മാണവും, പാർക്കിംഗും, തിരുവപ്പ നിർമ്മാണം, കാടുവെട്ടൽ , ഫയർ എക്സ്റ്റിംഗ്യൂഷർ റീ ഫില്ലിംഗ് തുടങ്ങിയവക്കുള്ള ക്വട്ടേഷനുകൾ 19-04-2022 ന് രാവിലെ 11 മണി വരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച റസീതും അടക്കം ചെയ്യേണ്ടതാണ്. ഓരോ ക്വട്ടേഷനും സംബന്ധിച്ച വിശദ വിവരങ്ങളുടെ നിരത ദ്രവ്യവും നിരക്കും രേഖപ്പെടുത്തിയ വിശദമായ നോട്ടീസ് ദേവസ്വം നോട്ടീസ് ബോർഡിൽ ലഭ്യമാണ്.

കൂടാതെ അക്കരെ കൊട്ടിയൂരിലെ കൈയ്യാലകൾ (പർണ്ണ ശാലകൾ) വഴിപാട് കൗണ്ടറുകൾ തുടങ്ങിയവ നിർദ്ദിഷ്ട മാതൃകയിൽ കെട്ടിമേഞ്ഞ് തറകൾ മെഴുകി ആവശ്യമുള്ള മറകളും വാതിലുകളും നിർമ്മിച്ച് 2022 ലെ വൈശാഖ മഹോത്സവകാലം മുഴുവൻ സംരക്ഷിച്ച് നിർത്തുന്നതിനുള്ള അവകാശത്തിനായുള്ള ക്വട്ടേഷൻ / ലേല നടപടി 20-04-2022 ന് രാവിലെ 10 മണിക്ക് ദേവസ്വം ഓഫീസിൽ വെച്ച് നടക്കുന്നതാണ്. കൈയ്യാല കെട്ടി മേയുന്ന ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 25,000/- രൂപ നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതും ക്വട്ടേഷൻ സ്വീകരിച്ച് അറിയിപ്പ് നൽകിയാൽ സെക്യൂരിറ്റിയായി 25,000 രൂപ കൂടി കെട്ടിവെയ്ക്കേണ്ടതും 200/- രൂപയുടെ മുദ്രക്കടലാസിൽ എഗ്രിമെന്റ് വെച്ച് നൽകേണ്ടതുമാണ്. 2022 ലെ വൈശാഖ മഹോത്സവ കാലത്ത് നമ്പറിട്ട് പ്ലോട്ട് തിരിച്ച് നിർദ്ദിഷ്ട സ്ഥലങ്ങളിൽ താൽക്കാലിക കച്ചവടം നടത്തുന്നതിനുള്ള പരസ്യ ലേലം / ക്വട്ടേഷൻ നടപടികളും നടുക്കുനിയിൽ ക്ലോക്ക് റൂം സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള അവകാശത്തിനായുള്ള ലേലം/ക്വട്ടേഷനുകളും പാർക്കിംഗ് ഗ്രൗണ്ടുകളിൽ പാർക്ക് ചെയ്യുന്ന വാഹനത്തിൽ നിന്നും പാർക്കിംഗ് ഫീ പിരിക്കുന്നതിനുള്ള അവകാശത്തിനായുള്ള ലേലം / ക്വട്ടേഷൻ നടപടിയും 20-04-2022 ന് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർ 20,000/- രൂപ സെക്യൂരിറ്റിയായി അടക്കുകയും ചെയ്യേണ്ടതാണ്. കച്ചവട നടത്തുന്നതിനും പാർക്കിംഗ് ഫീ, പാർക്കിംഗ് ഫീ പിരിക്കുന്നതിനുമുള്ള ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം ഉറപ്പി ച്ച് നൽകിയാൽ ലേലതുകയുടെ 50% തുക അപ്പോൾ തന്നെ അടക്കേണ്ടതും ബാക്കി 50% തുക 24 മണിക്കൂറിനകം അടച്ച് തീർത്ത് കട്ടവടത്തിനുള്ള ലൈസൻസ് കൈപ്പറ്റേണ്ടതാണ്. 24 മണിക്കൂറിനകം മുഴുവൻ തുകയും അടക്കാത്തവരുടെ നിരത ദ്രവ്യവും ദേവസ്വത്തിലേക്ക് കണ്ട് കെട്ടുന്നതാണ്. ലേലം വിളിച്ചെടുത്തവരുടെ നിരതദ്രവ്യം 2022 ലെ വൈശാഖ മഹോത്സവത്തിന് ശേഷം കച്ചവട സ്ഥലത്തെ മാലിന്യങ്ങൾ നീക്കം ചെയ്താൽ മാത്രമേ തിരികെ നൽകുകയുള്ളൂ. ഗവൺമെന്റ് നിയമം മൂലം വിപണനവും സൂക്ഷിപ്പും നിരോധിച്ച സാധനങ്ങളും മദ്യം, മയക്കുമരുന്ന്, മത്സ്യ മാംസാദികൾ എന്നിവ കച്ചവട സ്ഥാപനത്തിൽ സൂക്ഷിക്കാനോ ഉപയോഗിക്കുവാനോ വിപണനം ചെയ്യുവാനോ പാടില്ലാത്തതാണ്. ലേല സമയത്ത് നിർദ്ദേശിക്കുന്ന കച്ചവടം മാത്രമേ അതാതിടങ്ങളിൽ ചെയ്യാൻ പാടുള്ളൂ അല്ലാത്ത പക്ഷം ഉടനടി ലേലക്കാരന്റെ ലേലം റദ്ദ് ചെയ്യുന്നതും കച്ചവട സ്ഥലം ദേവസ്വത്തിലേക്ക് അധീനപ്പെടുത്തുന്നതുമായിരിക്കും. കച്ചവടത്തിന് ദേവസ്വം മാർക്ക് ചെയ്യുന്ന സ്ഥലത്തിന് പുറത്ത് സ്റ്റാൾ ഇറക്ക് കെട്ടിയാൽ ദേവസ്വം ആയത് പൊളിച്ച് കളയുന്നതും നിരത ദ്രവ്യം കണ്ട് കെട്ടുന്നതുമായിരിക്കും.

ഉത്സവ ആവശ്യത്തിനുള്ള കല്ലു വാഴയില സപ്ലൈ, വാഴക്കുല സപ്ലൈ, പപ്പടം സപ്ലൈ, പച്ചക്കറി സപ്ലൈ തുടങ്ങിയവക്കുള്ള ക്വട്ടേഷനുകളും 20-04-2022 ന് രാവിലെ 11 മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതുമാണ്. വിശദ വിവരങ്ങളടങ്ങിയ നോട്ടീസ് ദേവസ്വം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുക

കൽപ്പന പ്രകാരം
(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ കൊട്ടിയൂർ ദേവസ്വം

കൊട്ടിയൂർ,
14-04-2022

Vadakkayil Printers